സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

പതിനൊന്നാം ശമ്പള പരിഷ്ക്കരണ അനോമലി കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 2191/23/Est-I** നന്തൻകോട്, **04/10/2023**

---

പരാമർശം :- 1)ദേവസ്വം കമ്മീഷണർറുടെ 24-02-2022 ലെ ROC 4343/21/Est-A നമ്പർ റിപ്പോർട്ട്.
2) സാംസ്ക്കാരിക-പുരാവസ്തു വിഭാഗം ഡയറക്ടറുടെ 22-08-2023 ലെ 50/23/CA-4 നമ്പർ റിപ്പോർട്ട്.

# ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പതിനൊന്നാം ശമ്പളപരിഷ്ക്കരണ അനോമലി കമ്മിറ്റി മുമ്പാകെ ലഭിച്ച നിവേദനങ്ങൾ പരിശോധിക്കുന്നതിലേക്കായി ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് ഉള്ളടക്കം ചെയ്തുകൊണ്ടുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 1 റിപ്പോർട്ട് ലഭിച്ചു.

നിയമ വിഭാഗത്തിലെ അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് -2 മാർക്ക് ഗവൺമെന്റ് ലാ സെക്രട്ടറിയേറ്റിലെ സമാന വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശമ്പളസ്കെയിൽ അനുവദിക്കണമെന്ന നിവേദനം പരിശോധിച്ചതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയമ വിഭാഗത്തിലെ ലീഗൽ അസിസ്റ്റന്റുമാരുടെ യോഗ്യത, ശമ്പളം എന്നിവ ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ലീഗൽ അസിസ്റ്റന്റുമാരുടേതുപോലെ ആയിരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും 2009 ലെ ശമ്പളപരിഷ്ക്കരണത്തിൽ ഗവൺമെന്റിലെ ലീഗൽ അസിസ്റ്റന്റുമാരുടേതിന് തുല്യമായ സ്കെയിൽ അനുവദിച്ചിട്ടുള്ള സാഹചര്യത്തിലും അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് -2 ന് 41300-87000 രൂപ സ്കെയിൽ അനുവദിക്കാവുന്നതാണെന്ന് അനോമലി കമ്മിറ്റി ശുപാർശ ചെയ്തു.

ക്ഷേത്രകലാപീഠം പ്രധാന അദ്ധ്യാപകനായ ശ്രീ.എസ്.പി.ശ്രീകുമാറിന് ട്യൂട്ടർ തസ്തികയിൽ വാങ്ങി വന്ന അതേ സ്കെയിൽ പ്രധാന അദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതുമൂലം ഫിക്സേഷൻ ആനുകൂല്യം നഷ്ടമാവുകയും ട്യൂട്ടർ തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ 07/2023 ൽ ലഭിക്കുമായിരുന്ന നാലാം സമയബന്ധിത ഹയർഗ്രേഡും നഷ്ടമാവുന്നതുമാകയാൽ സർക്കാർ സ്കൂളിലെ സ്പെഷ്യൽ ടീച്ചർ (സെലക്ഷൻ ഗ്രേഡ്) ന്റെ ശമ്പളസ്കെയിൽ അനുവദിക്കുകയോ അല്ലാത്തപക്ഷം ട്യൂട്ടർ തസ്തികയുടെ നാലാം സമയബന്ധിത ഹയർഗ്രേഡിന്

(മറുപുറം)

അർഹമായ സ്കെയിൽ അനുവദിക്കുകയോ ചെയ്യണമെന്ന അപേക്ഷ പരിശോധിച്ചതിൽ ടിയാന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്ന് കാണുന്നുവെന്നും സ്പെഷ്യൽ ടീച്ചർ (സെലക്ഷൻ ഗ്രേഡ്) ന്റെ ശമ്പളസ്കെയിൽ താരതമ്യേന ഉയർന്നതാകയാൽ ട്യൂട്ടർ തസ്തികയിലെ നാലാം സമയബന്ധിത ഹയർഗ്രേഡിന് അനുവദനീയമായ 30700–65400 രൂപ (റിവൈസ്ഡ് സ്കെയിൽ 43,400 – 91,200) അനുവദിക്കാവുന്നതാണെന്ന് അനോമലി കമ്മിറ്റി ശുപാർശ ചെയ്തു.

ടിയാന്റെ സർവ്വീസ് വിവരങ്ങൾ ലഭ്യമാക്കുന്നതിന് സാംസ്ക്കാരിക–പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് ആയത് പരാമർശം 2 ആയി ലഭിച്ചു.

അനോമലി കമ്മിറ്റിയുടെ ശുപാർശകൾ ബോർഡ് സസൂക്ഷ്മം പരിശോധിച്ച് ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2 തസ്തികയ്ക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ശമ്പളസ്കെയിൽ പുതുക്കി 41,300–87,000 രൂപ സ്കെയിൽ അനുവദിക്കുന്നു.
- വൈക്കം ക്ഷേത്രകലാപീഠം പ്രധാന അദ്ധ്യാപകൻ ശ്രീ. എസ്.പി. ശ്രീകുമാറിന് നാലാം സമയബന്ധിത ഹയർഗ്രേഡിന് അനുവദനീയമായ 30,700–65,000 (റിവൈസ്ഡ് 43400–91200) രൂപ സ്കെയിൽ അനുവദിക്കുന്നു.

ടി പുതുക്കിയ സ്കെയിലുകൾക്ക് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :–

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK